(1) ശ്രീമതി ശോഭനകുമാരി സുദർശനറാവു ഐ.എഫ്.എസ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വയനാട് നോർത്ത്.

(2) ശ്രീ. പി.കെ. ഉദയകുമാർ, റെയിഞ്ചാഫീസർ, പേര്യ റെയിഞ്ച്.

(3) ശ്രീ. കെ.എം. ഉണ്ണികൃഷ്ണൻ, ഫോറസ്റ്റർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(4) ശ്രീ. പി.വി. പരമശിവൻ, ഫോറസ്റ്റർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(5) ശ്രീ. എം.കെ. പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(6) ശ്രീ. ശശികുമാർ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(7) ശ്രീ. പി.ബി. സുനിൽകുമാർ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(8) ശ്രീ. എ. യേശുദാസൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(9) ശ്രീ. ബിനു മാത്യു, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(10) ശ്രീ. പി.പി. മുരളീധരൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(11) ശ്രീ. എം. ശശിധരൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

ആനകളുടെ പരിപാലനത്തിന് പദ്ധതി

62 (335) ശ്രീ. തോമസ് ചാണ്ടികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആനകളെ വളർത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വനം വകുപ്പ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പാപ്പാൻമാർക്ക് വനം വകുപ്പിന്റെ കീഴിൽ പരിശീലന കോഴ്സും ലൈസൻസും നിർബന്ധമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പരിശീലനത്തിനുവേണ്ടി തെരഞ്ഞെടുക്കുന്നവർക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാമെന്നും പരിശീലനത്തിന്റെ കാലാവധി എത്ര യെന്നും വ്യക്തമാക്കുമോ;

(ഇ) പ്രായമായ ആനകളെ പരിപാലിക്കാൻ വനം വകുപ്പിന്റെ കീഴിൽ ആനഉടമകളുടെ സഹായത്തോടെ ക്ഷേമനിധി രൂപീകരിക്കാൻ പദ്ധതിയുണ്ടോ;

1178/2010.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി)&(ഡി) ഇത് വനം വകുപ്പിന്റെ പരിഗണനയിലാണ്. നിലവിലുള്ള വന്യജീവി സംരക്ഷണ നിയമത്തിന്റെയും മറ്റും പശ്ചാത്തലത്തിൽ ഇതിന്റെ സാധ്യതയും പരിശോധിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്)ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. ഈ വർഷം നിരത്തിലിറക്കുന്ന ബസ്സുകൾ

63 (339)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു; ഓരോ ജില്ലയിലും എത്ര വീതം എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനെല്ലാം കൂടി എത്ര രൂപ വേണ്ടിവരും;

(സി) ഇതിനുള്ള തുക ഏത് രീതിയിൽ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-2001 വർഷത്തിൽ പുതിയതായി 1200 ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു. ഓരോ ജില്ലയിലേയും ആവശ്യാനുസരണം പുതിയ സർവ്വീസ് തുടങ്ങുന്നതിനായി പ്രസ്തുത ബസ്സുകൾ നൽകുന്നതാണ്.

(ബി) ഇതിന് ഏകദേശം നൂറ്റി ഇരുപത് കോടി രൂപ വേണ്ടി വരും.

(സി) സർക്കാരിൽ നിന്നുള്ള ധനസഹായവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിന്റെ ഭാഗവും ഇതിനായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി

64 (344)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കായി എത്ര ദീർഘദൂര സർവ്വീസുകൾ നടത്തുന്നുണ്ട്; അവ ഏതെല്ലാം എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly